**കേരള സർക്കാർ**

<u>തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്</u>

നമ്പർ: തസ്വഭവ -ഐ.എ.1 /758/2016-തസ്വഭവ തിരുവനന്തപുരം, തീയതി: 25.02.2016

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വനിതാ ഘടക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അംഗനശ്രീ ഓട്ടോ വിതരണ പദ്ധതി - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 11.01.2016 ലെ സ.ഉ.(എം.എസ്)നം.4/2016/തസ്വഭവ നമ്പർ ഉത്തരവ്.
(2) 17.02.2016 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.4 -ാം നമ്പർ തീരുമാനം.
(3) 20.02.2016 ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗ തീരുമാനം.

2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ചും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012-17) ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ചും സൂചന ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ വാങ്ങുമ്പോൾ സബ്സിഡി നൽകുന്നതിന് ആയതു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## കുടുംബശ്രീ ഓട്ടോ

**ലക്ഷ്യം**

സ്വയം തൊഴിലിലൂടെ കൂടുതൽ സ്ത്രീകളെ തൊഴിൽ മുഖത്ത് എത്തിക്കുക, ഇപ്പോൾ പുരുഷൻമാർ മാത്രം ഉള്ള ഓട്ടോ ഡ്രൈവിംഗ് മേഖലയിൽ പരിചയസമ്പന്നരായ സ്ത്രീകളെ തെരഞ്ഞെടുത്ത് അവർക്ക് വിദഗ്ധ പരിശീലനം നൽകി ബാങ്കുമായി ലിങ്ക് ചെയ്ത് സബ്സിഡി നൽകി, കുറഞ്ഞ പലിശയ്ക്ക് വായ്പാ സൗകര്യം ഒരുക്കി സ്വയം തൊഴിലിൽ ഏർപ്പെടുന്നതിന് കേരളത്തിലെ കുടുംബശ്രീ പ്രവർത്തകരെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. ഇതിലൂടെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും 10 വനിതകൾക്ക് എങ്കിലും സ്വയം തൊഴിലും വരുമാനവും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**ഗുണഭോക്താക്കൾ**

ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കുന്ന കുടുംബശ്രീ അംഗങ്ങൾ ബിപിഎല്ലിൽ ഉൾപ്പെട്ടവരോ അല്ലെങ്കിൽ 50,000/- രൂപ വാർഷിക വരുമാനം ഉള്ളവരോ ഡ്രൈവിംഗ്

ലൈസൻസ്, ബാഡ്ജ് എന്നിവ ഉള്ളവരോ ആയിരിക്കണം. 18 നും 50 നും ഇടയ്ക്ക് പ്രായമുള്ള ഇവർ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗമായിരിക്കണം.

**പ്രവർത്തനം**

കുടുംബശ്രീ പ്ലാൻ മിത്രകൾ പദ്ധതികൾ തയ്യാറാക്കി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി, ഗ്രാമസഭയിലൂടെ അർഹതയുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത്, അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിക്ക് സബ്സിഡി വകയിരുത്തി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് (ഒരു സിഡിഎസ്സിൽ ഏറ്റവും കുറഞ്ഞത് 10 പേർക്ക് സബ്സിഡി വകയിരുത്തി) കുടുംബശ്രീ ജില്ലാ മിഷൻ ഡ്രൈവിംഗ് പരിശീലനം നൽകി, ബാഡ്ജ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് .Back End സബ്സിഡിയായി തുക ബാങ്കിലേയ്ക്ക് നൽകുന്നതാണ് പദ്ധതി പ്രവർത്തനം.

**തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹായം**

11/01/2016 ലെ ജി.ഒ.(എം.എസ്) 4/2016 സർക്കാർ ഉത്തരവ് പ്രകാരം സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിന് പൊതുവിഭാഗങ്ങളിൽപ്പെട്ട ഒരാൾക്ക് 40,000/- രൂപയും എസ്.സി/എസ്.ടിക്ക് 50,000/- രൂപയും വകയിരുത്താവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനം 10 ഗുണഭോക്താക്കൾക്ക് കാറ്റഗറി അനുസരിച്ച് തുക വകയിരുത്തേണ്ടതാണ്.

SC,P, TSP, WCP എന്നീ ഘടകങ്ങളിൽ നിന്നും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**പിന്തുണാ സഹായം**

സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന രീതിയിൽ സഹായങ്ങൾ ലഭ്യമാക്കുന്നതാണ്.

(1) ഓട്ടോറിക്ഷയുടെ വില വിവിധ കമ്പനികളുമായി ചർച്ച ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

**ബജാജ് ഓട്ടോ ലിമിറ്റഡ്**

1. വാഹനത്തിന്റെ ഓൺറോഡ് വില 1,83,000/- രൂപയാണെങ്കിലും ആയതിന്റെ ഡിസ്കൗണ്ടുകൾ കുറച്ച് 1,75,500/-രൂപയ്ക്ക് നൽകുന്നതാണ്.

2. വാഹനത്തിന്റെ ഒരു വർഷത്തെ സർവ്വീസ് തുക ഈടാക്കാതെ നൽകുന്നതാണ്.

3. വാഹനത്തിന് പ്രത്യേകമായി ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഡബിൾ കളർ പെയിന്റ് സൗജന്യ നിരക്കിൽ ചെയ്തുതരുന്നതാണ്.

4. വാഹനം മീറ്റർ ഉൾപ്പെടെ ടെസ്റ്റ് കണ്ടീഷനിലായിരിക്കും വിതരണം ചെയ്യുക.

5. വാഹനത്തിന് 45 ദിവസത്തെ ഇടവേളയിൽ അല്ലെങ്കിൽ 5000 കി.മീറ്റർ പൂർത്തിയാക്കുന്ന മുറയ്ക്ക് ലേബർ ചാർജ്ജ്, പാർട്സുകളുടെ വില എന്നിവ ഈടാക്കാതെ സൗജന്യമായി ഒരു വർഷത്തേയ്ക്ക് സർവ്വീസ് ചെയ്തു നൽകുന്നതാണ്.

6. വാഹനത്തിന്റെ കോംപ്രിഹെൻസീവ് ഇൻഷുറൻസ് സൗജന്യമായി കമ്പനി എടുത്തു തരുന്നതാണ്.

7. പുതുതായി വാഹനം വാങ്ങുന്ന സ്ത്രീ സംരംഭകർക്ക് 10 ദിവസത്തെ റോഡ് ട്രയൽ ഉൾപ്പെടെയുള്ള പരിശീലനം കമ്പനി സൗജന്യമായി നൽകുന്നതാണ്.

8. ഡ്രൈവർക്കാവശ്യമായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും വ്യക്തികൾ തന്നെ എടുക്കേണ്ടതാണ്.

9. വാഹനത്തിന്റെ സംരംഭകർക്ക് ഫാമിലി ഇൻഷുറൻസ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവ കമ്പനി എടുത്ത് നൽകുന്നതാണ്.

10. 24 മണിക്കൂറും വാഹനത്തിന്റെ റിപ്പയർ സർവ്വീസ് ജില്ലയിൽ എവിടെയും കമ്പനി ലഭ്യമാക്കുന്നതാണ്.

## റ്റി.വി.എസ് ഓട്ടോ ലിമിറ്റഡ്

1. വാഹനം 1,74,000/- രൂപ ഓൺറോഡ് വിലയ്ക്ക് നൽകുന്നതാണ്.
2. വാഹനത്തിന്റെ 2 വർഷത്തെ സർവ്വീസ് തുക ഈടാക്കാതെ നൽകും.
3. സൗജന്യ നിരക്കിൽ 2 വർഷത്തേക്ക് സർവ്വീസ് ചെയ്യുമ്പോൾ ലേബർ ചാർജ്ജ്, പാർട്സിന്റെ വില എന്നില ഈടാക്കുന്നതല്ല. എന്നാൽ ഓയിൽ, ഫിൽറ്റർ എന്നിവയുടെ വില ഈടാക്കുന്നതാണ്.
4. വാഹനം മീറ്റർ ഉൾപ്പെടെ ടെസ്റ്റ് കണ്ടീഷനിലായിരിക്കും വിതരണം ചെയ്യുക.
5. 24 മണിക്കൂറും വാഹനത്തിന്റെ റിപ്പയർ സർവ്വീസ് ജില്ലയിലെവിടെയും കമ്പനി ലഭ്യമാക്കും
6. പുതുതായി വാഹനം വാങ്ങുന്ന സ്ത്രീ സംരംഭകർക്ക് 10 ദിവസത്തെ റോഡ് ട്രയൽ ഉൾപ്പെടെയുള്ള പരിശീലനം കമ്പനി സൗജന്യമായി നൽകും.
7. വാഹനത്തിന്റെ ബ്രാന്റിംഗ്, ഡബിൾ കളർ പെയിന്റിംഗ് എന്നിവ ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരം സൗജന്യ നിരക്കിൽ ചെയ്ത് തരുന്നതാണ്.
8. കോംപ്രിഹെൻസീവ് ഇൻഷുറൻസ് സൗജന്യമായി കമ്പനി എടുത്ത് തരുന്നതാണ്.
9. ഡ്രൈവർമാർക്ക് ആവശ്യമായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും വ്യക്തികൾ തന്നെ എടുക്കേണ്ടതാണ്.
10. വാഹനത്തിന്റെ സംരംഭകർക്ക് ഫാമിലി ഇൻഷുറൻസ്, മെഡിക്കൽ ഇൻഷുറൻസ് എന്നിവ എടുത്ത് നൽകുന്നതാണ്.

### പൊതുനിർദ്ദേശങ്ങൾ

1. **ബാങ്ക് ലോൺ:** കുടുംബശ്രീ മിഷൻ ബാങ്കുകളുമായി ചർച്ച ചെയ്ത് 10% ൽ താഴെയുള്ള പലിശ നിരക്കിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
2. ബാങ്ക് ലോൺ സംബന്ധിച്ച എഗ്രിമെന്റ് കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർ ബന്ധപ്പെട്ട ബാങ്ക് മാനേജരുമായി ഒപ്പ വയ്ക്കേണ്ടതാണ്.

3. ബാങ്ക് ലോണിന് ഈടാക്കുന്ന സർവ്വീസ് ടാക്സ് ബാങ്കുകൾ അംഗനശ്രീ പദ്ധതി സംരംഭകരിൽ നിന്ന് ഈടാക്കുവാൻ പാടില്ല.

4. പഞ്ചായത്തുകൾ ഗ്രാമസഭകൾ വഴി സംരംഭകരെ തെരഞ്ഞെടുക്കേണ്ടതും അവർക്കാവശ്യമായ സബ്സിഡി തുക പ്രോജക്റ്റിൽ ഉൾപ്പെടുത്തി നൽകേണ്ടതുമാണ്.

5. സംരംഭകർ അവർക്കാവശ്യമായ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ സ്വന്തം ചെലവിൽ എടുക്കുകയോ കുടുംബശ്രീ മിഷൻ അവർക്കാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

6. രണ്ട് ഓട്ടോ വിതരണ കമ്പനികളിൽ ഏത് കമ്പനിയിൽ നിന്നു വേണമെങ്കിലും സംരംഭകർക്കും നിർവ്വഹണോദ്യോഗസ്ഥനും വാഹനം വാങ്ങാനുള്ള ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്. നിശ്ചയിച്ച നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ വാഹനം വാങ്ങാൻ സംരംഭകർക്കും നിർവ്വഹണോദ്യോഗസ്ഥർക്കും ഓട്ടോ കമ്പനികളുമായി അനുരഞ്ജനം നടത്താവുന്നതാണ്.

**പി.ഐ.ഷേയ്ക്ക് പരീത്**

**ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം..
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**